(6) കെ.പി.സി.സി. പ്രസിഡന്റിനെ ബി.ജെ.പി.ക്കാർ ആക്രമിച്ചത് സംബന്ധിച്ച്

ശ്രീ. പി. പി. ജോർജ് : സർ, ഇന്നലെ കോഴിക്കോട് കെ.പി.സി.സി. പ്രസിഡന്റിന്റെ വീട്ടിലേയ്ക്ക് വരുന്ന വീതി കുറഞ്ഞ ഇടവഴിയിൽ വച്ചാണ് അക്രമം ഉണ്ടായത്. അതൊരു വധശ്രമമായിരുന്നു. ഏകദേശം 25 പേരുണ്ടായിരുന്നു. അവർ ബി. ജെ. പി.-ക്ക് അനുകൂലമായ മുദ്രാവാക്യങ്ങൾ വിളിച്ചിരുന്നു. ഒരു രാഷ്ട്രീയ നേതാവിനും, ഈ ഭാഗത്തായാലും ആ ഭാഗത്തായാലും ഇങ്ങനെയൊരു അനുഭവം ഉണ്ടാകരുത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാറാട് സമാധാനം പുന:സ്ഥാപിക്കാനും നിയമവാഴ്ച സംരക്ഷിക്കാനും വളരെ ധീരമായ നിലപാടെടുത്ത് വളരെ പരസ്യമായി പ്രസ്താവനകളിറക്കാനും അതിനു പ്രവർത്തനം നടത്താനും പരിശ്രമിച്ചിട്ടുള്ള ഒരു നേതാവാണ് ശ്രീ. മുരളീധരൻ. അതുകൊണ്ട് നമ്മുടെ ജനാധിപത്യ സ്വഭാവത്തെ അട്ടിമറിക്കുന്ന ഈ സംഭവത്തിനെതിരായി എല്ലായിടത്തും ഇന്ന് പ്രതിഷേധ പ്രകടനങ്ങൾ നടക്കുകയാണ്. മാറാട് തീവ്രവാദികളെ ഒതുക്കാൻ നമുക്ക് സാധിക്കണം. കാരണം നക്സൽ പ്രസ്ഥാനത്തെപ്പോലും നമുക്ക് അടക്കിഒതുക്കാൻ സാധിച്ചിട്ടുള്ളതാണ്. അതുകൊണ്ട് ബോധപൂർവ്വമായ ഈ ഗൂഢാലോചനയ്ക്കെതിരേ, മർദ്ദനത്തിനെതിരെ പൊതുപ്രവർത്തകരെ നിശബ്ദരാക്കാൻ നടത്തുന്ന ഈ പ്രവർത്തനങ്ങൾക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : നേതാക്കൻമാരെ തൊട്ടുകളിക്കുന്നത് ഒരു കാരണവശാലും അനുവദിക്കാൻ പാടില്ലാത്തതാണ്. ഏതു ഭാഗത്തുള്ളവരായിരുന്നാലും ശരി, ഇതൊക്കെ അടിച്ചൊതുക്കണമെന്നാണ് എന്റെ അഭിപ്രായം.

(സർവ്വശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജി. പ്രതാപവർമ്മ തമ്പാൻ, ടി. വി. ചന്ദ്രമോഹൻ, ടി.എൻ. പ്രതാപൻ, എ.പി. അനിൽകുമാർ എന്നീ അംഗങ്ങൾ ഈ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.)

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി) : സർ, കോഴിക്കോട് നടക്കാവ് ബിലാത്തിക്കുളത്തുവച്ച്, 29-6-2003-ന് വൈകുന്നേരം കെ.പി.സി.സി. പ്രസിഡന്റ് കെ. മുളീധരൻ സഞ്ചരിച്ചിരുന്ന കാർ നാല്പതോളം വരുന്ന ബി.ജെ.പി. പ്രവർത്തകർ തടഞ്ഞുനിർത്തി കാറിന്റെ വൈപ്പർ നശിപ്പിക്കുകയും കല്ലു കൊണ്ട് അടിച്ച് കാറിന് കേടുപാടുകൾ വരുത്തുകയും ചെയ്തു. കൂടാതെ അദ്ദേഹത്തിന്റെ വീട്ടിനുനേരെ കല്ലേറ് നടത്തുകയും ചെയ്തു. ഈ കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമം 143,147, 148, 341, 153(എ), 294(ബി), 427, 506 (2), 149 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 256/203 നമ്പരായി നടക്കാവ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിലേയ്ക്ക് പോലീസ് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. .....(ബഹളം).....

മി. സ്പീക്കർ : ഫിനാൻഷ്യൽ ബിസിനസ്.....(ബഹളം).....(ബഹളം)..... ഇതൊക്കെ വളരെ ഗൗരവമായിത്തന്നെ എടുക്കുന്നു. ചെയർ ചെയറിന്റെ വികാരം പ്രകടിപ്പിച്ചു, മുഖ്യമന്ത്രി കർശന നടപടി എടുക്കുമെന്ന് പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly